Mathrubhumi, 17/7/17 Page 4



2017 • ജൂലായ് 17 • തിങ്കളാഴ്ച
മാതൃഭൂമി
www.mathrubhumi.com/localnews




തൃശ്ശൂരിൽ ആർ.ടി.ഐ. വൈജ്ഞാനികസംഗമം കേന്ദ്ര വിവരാവകാശ കമ്മിഷണർ അമിതവ ഭട്ടാചാര്യ ഉദ്ഘാടനം ചെയ്യുന്നു

# വിവരാവകാശ നിയമത്തെ തിരുത്തൽ ശക്തിയായി ഉപയോഗപ്പെടുത്തണം -അമിതവ ഭട്ടാചര്യ

തൃശ്ശൂർ: വിവരാവകാശനിയമത്തിൻെറ പ്രാധാന്യം ഇന്നും വേണ്ടരീതിയിൽ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നില്ലെന്ന് കേന്ദ്ര വിവരാവകാശ കമ്മിഷണർ അമിതവ ഭട്ടാചാര്യ അഭിപ്രായപ്പെട്ടു.

തൃശ്ശൂരിൽ നടന്ന ആർ.ടി.ഐ. വൈജ്ഞാനികസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോമൺവെൽത്ത് ഹ്യൂമെൻ റൈറ്റ്സ് ഇനിഷ്യേറ്റീവും കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബ് തലശ്ശേരിയും ചേർന്നാണ് പരിപാടി നടത്തിയത്.

വ്യക്തിപരമായ പരാതികൾക്ക് ഉത്തരം കണ്ടെത്തുവാനുള്ള വേദിയായി മാത്രം വിവരാവകാശനിയമത്തെയും അതിൻെറ സംവിധാനത്തെയും ഉപയോഗിക്കുന്ന രിതി വിവരാവകാശനിയമത്തിൻെറ മഹത്തായ ലക്ഷ്യത്തെ പൂർണതയിലെത്തിക്കാൻ സഹായകമല്ലെന്ന് ഭട്ടാചാര്യ പറഞ്ഞു.

പൊതു താത്പര്യങ്ങൾ മുൻനിർത്തിയുള്ള വിവരാവകാശ അപേക്ഷകളുമായി മുന്നോട്ടുവരുന്ന ആക്ടിവിസമാണ് രാജ്യത്തിന് ഗുണകരമാവുക. അതുകൊണ്ടു ഭരണസംവിധാനത്തിൻെറ പോരായ്മകൾക്കെതിരേയുള്ള തിരുത്തൽ ശക്തിയായി വിവരാവകാശനിയമത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമ്പോഴേ യഥാർഥ ലക്ഷ്യത്തിലെത്തിച്ചേരുകയുള്ളൂ എന്നും അദ്ദേഹം പറഞ്ഞു.

മുൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി. ആസിഫലി അധ്യക്ഷനായി. വിവരാവകാശനിയമം നടപ്പാക്കിയതോടെ രാജ്യത്ത് രണ്ടാം സഹനസമരത്തിനാണ് തുടക്കം കുറിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

വെങ്കിടേഷ് നായക്, രവീന്ദ്രൻ കണ്ടോത്ത്, പി. ഷറഫുദ്ദീൻ, എ.എസ്. ശ്യാംകുമാർ എന്നിവർ പ്രസംഗിച്ചു.